# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 705** **05.06.2018-ൽ മറുപടിക്ക്**

വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (എ) | പ്രസരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സഹായകമാകുന്ന പദ്ധതിയായ ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി സബ്സ്റ്റേഷനുകളും,പന്ത്രണ്ട് 220 കെ.വി സബ്സ്റ്റേഷനുകളും, 112 സർക്യൂട്ട് കിലോമീറ്റർ 400 കെ.വി ലൈനുകളും പൂർത്തിയാക്കാനുദ്ദേശിക്കുന്നു. ട്രാൻസ് ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി പ്രസരണ മേഖലയിലെ സാങ്കേതിക നഷ്ടം കുറയ്ക്കാൻ കഴിയുന്നതാണ്.<br>വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷൻകളുടെയും, ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവ മാറ്റി പുതിയവ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതുവഴി പ്രസരണ നഷ്ടം കുറഞ്ഞിട്ടുണ്ടോ എന്ന് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | നടത്തിയിട്ടുണ്ട്. |
| (സി) | പ്രസരണ നഷ്ടം കുറഞ്ഞിട്ടുണ്ടെങ്കിൽ അതുവഴി കെ. എസ്. ഇ. ബി. യ്ക്ക് ഉണ്ടായിട്ടുള്ള ലാഭം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | (i) പ്രസരണ നഷ്ടം കുറയുമ്പോൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിയിൽ അതനുസരിച്ച് കുറവു വരും തന്മൂലം വൈദ്യുതിയുടെ യൂണിറ്റൊന്നിന്റെ ശരാശരി വില കുറയുകയും ചെയ്യും. ഈ കുറവ് പരിഗണിച്ചുകൊണ്ടാണ് റെഗുലേറ്ററികമ്മീഷൻ കാലാ കാലങ്ങളിൽ താരിഫ് നിശ്ചയിക്കുന്നത്. അതുവഴി ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിലും കുറവുണ്ടാകുന്നതാണ്.<br>(ii) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള 2014 താരിഫ് റെഗുലേഷന്റെ 65-ാം റെഗുലേഷൻ പ്രകാരം പ്രസരണ നഷ്ടം ബന്ധപ്പെട്ട ഉപഭോക്താക്കൾ അവരവരുടെ ഉപയോഗത്തിന്റെ അനുപാതത്തിൽ വഹിക്കേണ്ടതാണ് എന്നു അനുശാസിക്കുന്നു. ഇതിൽ ഉണ്ടാകുന്ന ഏറ്റകുറച്ചിലുകൾ മേൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ